ആമുഖം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 212 പ്രകാരവും, 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ സമർപ്പണം) ചട്ടങ്ങൾ പ്രകാരവും അതിൽ നിർവ്വഹിച്ചിട്ടുള്ള ഒരു പ്രധാനപ്പെട്ട കാര്യമാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക എന്നത്. പഞ്ചായത്തിലെ പൗരന്മാർക്ക് പഞ്ചായത്തിൽ നിന്നും എന്തുസേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന വ്യക്തമായി ഇതിൽ, പഞ്ചായത്ത്, പൗരന്മാർക്ക് എത്രയെല്ലാം സേവനങ്ങൾ നൽകാമെന്നും, ഓരോ സേവനവും എത്ര ദിവസങ്ങൾക്കുള്ളിൽ നൽകാമെന്നും, ആ സേവനങ്ങൾ ലഭിക്കാൻ ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ഈ രേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് സേവനങ്ങളെക്കുറിച്ച് കൃത്യമായ അവബോധമുണ്ടാക്കാനും, പഞ്ചായത്ത് സേവനങ്ങൾ നൽകുന്നതിൽ വീഴ്ചവരുത്തുന്നു, അത് നൽകപ്പെടേണ്ടതാണെന്നുമുള്ള ബോധം അധികാരികളിൽ ഉണ്ടാക്കാനും, ലഭിക്കേണ്ട സേവനങ്ങളിലുള്ള തടസ്സങ്ങളെ അവകാശം പൊതുജനങ്ങൾക്ക് മനസ്സിലാക്കാനും, പൗരനെ അവകാശബോധമുള്ളവനാക്കി മാറ്റുന്നതിനും പൗരാവകാശരേഖ കൊണ്ട് ഉദ്ദേശിക്കുന്നു. ആയതിനാൽ ഇത് പ്രകാരമുള്ള ഉപയോഗപ്പെടുത്തി പഞ്ചായത്ത് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നമുക്ക് കൈകോർത്തിച്ച് പ്രവർത്തിക്കാം.

(ഒപ്പ്)

സ്മിത മാത്യൂകുമാർ
പ്രസിഡന്റ്
അതിരുർ ഗ്രാമപഞ്ചായത്ത്

അതിരുർ
06-08-2025

അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഗുണമേന്മ നയം

ജനന മരണ രജിസ്ട്രേഷനിലെ കാലതാമസം ഒഴിവാക്കുക, കെട്ടിട നിർമ്മാണ അനുമതി നടപടികൾ ലഘൂകരിക്കുക, ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഹരിത കേരളം മിഷൻ പദ്ധതികൾ നടപ്പിലാക്കുക, ലൈഫ് ഭവന പദ്ധതി പൂർത്തീകരിക്കുക, കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുക, തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുക, കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വയോജന സൗഹൃദ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കുക, ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കുക, ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുക, ഓഫീസ് കാര്യക്ഷമമാക്കുക, ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുക, ഓഫീസ് സമയം കൃത്യമായി പാലിക്കുക, ഓഫീസിൽ വരുന്നവർക്ക് ഇരിപ്പിടം ഉറപ്പുവരുത്തുക, കുടിവെള്ളം ഉറപ്പുവരുത്തുക, ശുചിമുറി സൗകര്യം ഉറപ്പുവരുത്തുക, ഓഫീസിൽ വരുന്നവർക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഗുണമേന്മ നയം.

അരിമ്പൂർ ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	: അരിമ്പൂർ ഗ്രാമപഞ്ചായത്ത്
ആസ്ഥാനം	: അരിമ്പൂർ
വിസ്തീർണ്ണം	: 23.03 ച. കി.മീ.
ജനസംഖ്യ	: 32, 292, സ്ത്രീകൾ 15,611, പുരുഷൻമാർ 16,681
ജനസാന്ദ്രത	: 1188
വാർഡുകൾ	: 17
വില്ലേജുകൾ	: എനാമ്മാവ്, പണിക്കാട്, വെള്ളാനിക്കര, മണലൂർ
താലൂക്ക്	: തൃശ്ശൂർ
ബ്ലോക്ക്	: അന്തിക്കാട്
ജില്ല	: തൃശ്ശൂർ
ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ	: അരിമ്പൂർ, വെള്ളാനിക്കര, മണലൂർ
ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ	: അടാട്ട്, അന്തിക്കാട്
അസംബ്ലി മണ്ഡലം	: മണലൂർ
ലോകസഭാ മണ്ഡലം	: തൃശ്ശൂർ
അതിരുകൾ	
വടക്ക്	: വെങ്കിടങ്ങ് അടാട്ട് പഞ്ചായത്തുകളും, തൃശ്ശൂർ കോർപ്പറേഷനും
കിഴക്ക്	: തൃശ്ശൂർ കോർപ്പറേഷനും, പാറളം പഞ്ചായത്തും
തെക്ക്	: അന്തിക്കാട്, പാറളം, പുത്തൂർ പഞ്ചായത്തുകൾ
പടിഞ്ഞാറ്	: അന്തിക്കാട്, വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾ
ജനപ്രതിനിധികൾ	
ലോകസഭ	: തൃശ്ശൂർ - ശ്രീ. ടി.എൻ. പ്രതാപൻ എം.പി.
നിയമസഭ	: മണലൂർ - ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ
ജില്ലാ പഞ്ചായത്ത്	
അടാട്ട്	: ജിജി ചന്ദ്രൻ
അന്തിക്കാട്	: വി.എൻ. സുർജിത്ത്
ബ്ലോക്ക് പഞ്ചായത്ത്	
അരിമ്പൂർ	: ലത ജയൻ
വെള്ളാനിക്കര	: ഉഷാദേവി ശശിധരൻ
മണലൂർ	: സി.ആർ. രാജേഷ്

ഗ്രാമപഞ്ചായത്ത് ഭരണ സാരഥികൾ





ജിൽ ജോപി
ഗ്രാമപഞ്ചായത്ത് മെമ്പർ

സുമിത കെ. എൻ.
ഗ്രാമപഞ്ചായത്ത് മെമ്പർ

ലിഡി വിൽസൺ
ഗ്രാമപഞ്ചായത്ത് മെമ്പർ

സുധ സി.
ഗ്രാമപഞ്ചായത്ത് മെമ്പർ



സുനിത സി.
ഗ്രാമപഞ്ചായത്ത് മെമ്പർ

ഡെന്റ് പോൾ
സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് സാരഥികൾ

വി.എൻ. സുഭീഷ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ജിഷ എൽസ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



കെ.കെ. രമിയേഷ്
പ്രസിഡന്റ്
അരിമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സി.ബി. ഷൈൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

ഡയാന
സ്റ്റാൻഡിംഗ് കമ്മിറ്റി

അരിമ്പൂരിലെ ഭരണസാരഥികൾ

വാർഡ് നമ്പർ

1.	ശ്രീമതി സീന അജയകുമാർ	: പ്രസിഡന്റ്	7
2.	ശ്രീ. സതീഷ് സി.കെ.	: വൈസ് പ്രസിഡന്റ് & പാലക്കാട് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ	11
3.	ശ്രീമതി സിന്ധു സഹദേവൻ	: വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ	8
4.	ശ്രീമതി മാഗ ചന്ദ്രൻ	: ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ	10
5.	ശ്രീ. ഹരിദാസ് വാലത്ത് കെ.കെ.	ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ	6
6.	ശ്രീ. ജെൽസൺ ജെയിംസ്	: ഗ്രാമപഞ്ചായത്ത് മെമ്പർ	1
7.	ശ്രീ. സി. പി. പോൾ	: ഗ്രാമപഞ്ചായത്ത് മെമ്പർ	2
8.	ശ്രീ. പി.എ. ജോസ്	: ഗ്രാമപഞ്ചായത്ത് മെമ്പർ	3
9.	ശ്രീമതി സുധ സന്തോഷൻ	: ഗ്രാമപഞ്ചായത്ത് മെമ്പർ	4
10.	ശ്രീ. വർഗ്ഗീസ് സി.വി.	: ഗ്രാമപഞ്ചായത്ത് മെമ്പർ	5
11.	ശ്രീ. രാമേഷ് കെ.	: ഗ്രാമപഞ്ചായത്ത് മെമ്പർ	9
12.	ശ്രീമതി രീജു ജിജു	: ഗ്രാമപഞ്ചായത്ത് മെമ്പർ	12
13.	ശ്രീമതി ജിജി ജോഷി	: ഗ്രാമപഞ്ചായത്ത് മെമ്പർ	13
14.	ശ്രീമതി സരിത കെ എൻ.	: ഗ്രാമപഞ്ചായത്ത് മെമ്പർ	14
15.	ശ്രീമതി ജിസ്സി വിൽസൺ	: ഗ്രാമപഞ്ചായത്ത് മെമ്പർ	15
16.	ശ്രീമതി സുമ സി.	: ഗ്രാമപഞ്ചായത്ത് മെമ്പർ	16
17.	ശ്രീമതി സുനിത സി.	: ഗ്രാമപഞ്ചായത്ത് മെമ്പർ	17
	ശ്രീ. സി.എൽ. സുരേഷിയർ	: ജില്ലാ പഞ്ചായത്ത് മെമ്പർ	അന്തിക്കാട് ഡിവിഷൻ
	ശ്രീ. ജിജി ചുണ്ടൻ	: ജില്ലാ പഞ്ചായത്ത് മെമ്പർ	അടാട്ട് ഡിവിഷൻ
	ശ്രീ. കെ കെ. ശശിധരൻ	: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	വെള്ളാങ്ങല്ലൂർ ഡിവിഷൻ
	ശ്രീ. സി.കെ. ഷാജൻ	: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	മാടക്കത്തറ ഡിവിഷൻ
	ശ്രീമതി ലത രാമചന്ദ്രൻ	: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	അരിമ്പൂർ ഡിവിഷൻ
	ശ്രീമതി സൗമ്യ പോൾ	: ഗ്രാമപഞ്ചായത്ത് സെക്രട്ടറി	

ആസൂത്രണ സമിതി അംഗങ്ങൾ

ശ്രീമതി സ്മിത അജയകുമാർ	പ്രസിഡന്റ്
ശ്രീ. വി.കെ. ഉണ്ണികൃഷ്ണൻ	വൈസ് പ്രസിഡന്റ്
ശ്രീ. ഒറ്റി പോൾ	മെമ്പർമാർ
ശ്രീ. സജീഷ് സി.ജി.	അംഗം
ശ്രീമതി ഷിബി മഗാപി	അംഗം
ശ്രീമതി ശോഭ ഷാജി	അംഗം
ശ്രീമതി സിന്ധു സഹദേവൻ	അംഗം
ശ്രീ. ഹരിദാസ് ജോബ്സ് കെ.	അംഗം
ശ്രീ. കെ. വേണുഗോപാലൻ	അംഗം
ശ്രീ. കെ.ആർ.സോമനാഥൻ	അംഗം
ശ്രീ. മുകുന്ദൻ കെ.കെ.	അംഗം
ശ്രീമതി സുനിത സത്യൻ	അംഗം
ശ്രീ. പി.എ. ജോസ്	അംഗം
ശ്രീ. കെ.എം.ഗോപിനാഥൻ മാസ്റ്റർ	അംഗം
ശ്രീ. ടി.കെ. രാമകൃഷ്ണൻ മാസ്റ്റർ	അംഗം
ഡോ. സി. രാമസ്വാമി	അംഗം

ജീവനക്കാരുടെ പേര് വിവരം

ക്രമനമ്പർ	പേര്	തസ്തിക	ഫോൺ നമ്പർ
1.	രേണി പോൾ	സെക്രട്ടറി	
2.	നീഹിത എം.എസ്.	അസി. സെക്രട്ടറി	
3.	ബിജിത കെ.വി.	ഹെഡ് ക്ലർക്ക്	
4.	ജിൻസി പോൾ ആലപ്പാട്ട്	അക്കൗണ്ടന്റ്	
5.	പ്രമോദ് എൻ.ബി.	സീനിയർ ക്ലർക്ക്	
6.	ആതിര കെ.വി.	സീനിയർ ക്ലർക്ക്	
7.	നീപ എസ്.എസ്	സീനിയർ ക്ലർക്ക്	
8.	ലേഖിത ടി.ജി.	ക്ലർക്ക്	
9.	വിനിത കെ.വി.	ക്ലർക്ക്	
10.	കൃഷ്ണപ്രിയ കെ.സി.	ക്ലർക്ക്	
11.	ടിന വി.ആർ.	ക്ലർക്ക്	
12.	ലക്ഷ്മി വി.എ.	ഓഫീസ് അറ്റൻഡന്റ്	
13.	ക്രിസ്റ്റീന ലോബിസ് കെ.	ഓഫീസ് അറ്റൻഡന്റ്	
14.	എ. ജയകുമാരി	പി.ടി. എസ്.	
15.	സന്തോഷ് പി.സി.	പാർട്ട് ടൈം ലൈബ്രേറിയൻ	

കരാർ/ദിവസ വേതന ജീവനക്കാർ

16.	അനിത കെ.എൻ.	പ്രോജക്ട് അസിസ്റ്റന്റ്	
17.	നീപ്തി എ.പി.	ടെക്നിക്കൽ അസിസ്റ്റന്റ്	
18.	അനു വി.എസ്.	അക്രെഡിറ്റഡ് എഞ്ചിനീയർ (MGNREGS)	
19.	വിജി കെ.വി.	ഡേറ്റാഎൻട്രി MGNREGS	
20.	ദീപ	DEO MGNREGS	
21.	സിനിത തുളസിദാസ്	DEO MGNREGS	
22.	കെ.എ. നിവാകരൻ	വൊളന്റീർ	
23.	കവിത വി.എസ്.	പാർട്ട് ടൈം സ്വീപ്പർകം വാട്ടർ	

വിവരാവകാശ നിയമം 2005

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - രേണി പോൾ - സെക്രട്ടറി, അരിമ്പൂർ ഗ്രാമപഞ്ചായത്ത്
അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - വിജിത കെ.വി. - ഹെഡ് ക്ലർക്ക്, അരിമ്പൂർ ഗ്രാമപഞ്ചായത്ത്
അപ്പലേറ്റ് അതോറിറ്റി - ശ്രീമോൻ സി.കെ. - അസി. ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൃശ്ശൂർ.

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും ജീവനക്കാരും

1. കുഷിനിവാസ്	- കുഷി ആഫീസറും ജീവനക്കാരും
2. വെറ്റിനറി ഡിസ്പെൻസറി	- വെറ്റിനറി സർജനും ജീവനക്കാരും
3. ഒപ്പോമി ഹെൽത്ത് സെന്റർ	- മെഡിക്കൽ ആഫീസറും ജീവനക്കാരും
4. ഫാ.സി.ഡി.പി നഴ്സിംഗ്ഹോം	- ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ICDP സൂപ്പർവൈസർ
5. ആയുർവ്വേദ ഡിസ്പെൻസറി	- മെഡിക്കൽ ആഫീസറും ജീവനക്കാരും
6. അംഗൻവാടി സ്കൂൾ	- പ്രധാന അദ്ധ്യാപകരും, അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരും
7. V.E.O. ഓഫീസ്	- ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള V.E.O മാർ
8. സാമൂഹ്യക്ഷേമം	- ICDS സൂപ്പർവൈസറും ഗ്രാമപഞ്ചായത്തു പരിധിയിലെ 34 അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും
9. കുടുംബക്ഷേമകേന്ദ്രങ്ങൾ	- കുടുംബക്ഷേമകേന്ദ്രങ്ങളിലെ JPHN മാർ
10. ഗവൺമെന്റ് കോളേജുകൾ	- പ്രൊഫസർമാർ
11. പോളിടെക്നിക്	- മെഡിക്കൽ ഓഫീസർ & സ്റ്റാഫ്
12. L.S.G.D. എൻജിനീയറിംഗ് ഓഫീസ്	- അസിസ്റ്റന്റ് എഞ്ചിനീയർ & സ്റ്റാഫ്
13. ഫിഷറീസ് വകുപ്പ്	
ഇൻസ്പെക്ടറേറ്റുകൾ കായികം	- ഫിഷറീസ് & എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ
[116–ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരം]

ഗ്രാമപഞ്ചായത്തുകൾക്ക് 27 അനിവാര്യ ചുമതലകളും 14 പ്രാധാന്യമായ ചുമതലകളും മേലധികാരിസ്ഥാനത്തിന് 19 ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്.

എ. അനിവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക
2. പൊതുസ്ഥലങ്ങൾ കൈയേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക
3. പരസ്യമായ കൂടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക
4. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലാശയങ്ങളും കനാലുകളും പരിശോധിക്കുക
6. ശ്മശാനിനുള്ളിൽ വേലികെട്ടുകയും കൈയേറ്റം ചെയ്യുക, ശ്മശാനിനും നീക്കം ചെയ്തിട്ട് ക്രമീകരിക്കുക
7. പോതുനിരത്തുകളിലെ വെള്ളം വറ്റിച്ച് കളയുക
8. പരിസരിതി ആരോഗ്യ കരമാക്കി സംരക്ഷിക്കുക
9. പൊതുശൗചാലയങ്ങൾ പരിപാലിക്കുക
10. സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുക
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എണ്ണക്കുരുക്കൾ കേടുവരുന്ന മറ്റ് തരം വസ്തുക്കൾ എന്നിവയുടെ വിൽപന മുതലായവ നിയന്ത്രിക്കുക
12. കശാപ്പുശാലകളെ നിയന്ത്രിക്കുക
13. കശാപ്പിൽ മായം ചേർക്കുന്നത് തടയുക (സർക്കാർ നിയമാനുസരണം ലൈസൻസ് നൽകുന്നില്ല)
14. റോഡുകളും മറ്റ് പൊതു മുതലുകളും സംരക്ഷിക്കുക
15. തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക
16. രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുക
17. രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുവേണ്ടി വേദിയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഏകോപനമായി നടപ്പാക്കുക
18. ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
19. അപകടകരവും അനാരോഗ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക
21. കുളിക്കടവുകളും അലക്കു കടവുകളും സ്ഥാപിക്കുക

22. കടത്തുകൾ ഏർപ്പെടുത്തുക
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക
24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടേയും ഉത്സവങ്ങളുടേയും നടത്തിപ്പ് ക്രമീകരിക്കുക
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു മാറ്റുകയും ചെയ്യുക.

ബി. പൊതുവായ ചുമതലകൾ

1. അധിക സമിതി വിവരശേഖരണങ്ങൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക
2. സ്ത്രീയെ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുക യാക്കുകയും ചെയ്യുക
3. മിനിമം ജീവിക്കുന്നതിന് പ്രാപ്തരാ പദ്ധതികൾ സംഘടിപ്പിക്കുക
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പു വരുത്തുക
6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ മുൻകൈയ്യെടുത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പദ്ധതികൾക്ക് പ്രേരണ നൽകുകയും ചെയ്യുക
8. സഹകരണ മേഖല വികസിപ്പിക്കുക.
9. സാമൂഹിക പരിഷ്കരണം നടപ്പാക്കുക.
10. വികസനാവശ്യങ്ങൾക്ക് മുൻഗണനയായി വിട്ടു കൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക
11. തൊഴിൽ വിഭാഗങ്ങൾക്കിടയിൽ നിന്നാബോധവൽക്കരണം പ്രചരിപ്പിക്കുക
12. സാമൂഹിക കുറ്റങ്ങൾക്കെതിരെ പ്രചരണം നടത്തുക
13. പ്രാദേശികമായ കേസുകളിൽ അയൽക്കൂട്ടങ്ങളും സ്ത്രീജന സംഘങ്ങളും രൂപീകരിക്കുക
14. പുതുതൊഴിൽസംരംഭങ്ങൾക്കുള്ള ബോധവൽക്കരണം നടത്തുക

സി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ചുമതലകൾ

1. **കുടി**
    1. അധികാരികളും പ്രാദേശിക നേതാക്കളും കൂടി ചെയ്യിപ്പിക്കുക

2. കൃഷിയുടെ പരമ്പരാഗത ഉപയോഗം ഉറപ്പു വരുത്തുക
3. മണ്ണ് സംരക്ഷണം
4. തരിശുഭൂമി ഉത്പാദനം
5. തനതായതിനെ നിലനിർത്തുക
6. സഹകരണ - കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക
7. കൃഷിക്കാർക്കിടയിൽ സുരക്ഷിത സംഘങ്ങൾ രൂപീകരിക്കുക.
8. ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക
9. കാലിത്തീറ്റയിലെ വികസനം
10. സസ്യ സംരക്ഷണം
11. വിത്ത് ഉത്പാദനം
12. കൃഷി ഭൂമിയുടെ യന്ത്ര വത്കരണം
13. കൃഷി മേഖലയുടെ നവീകരിക്കൽ

II. <u>ഭൂമിസംരക്ഷണവും ക്ഷീരോത്പാദനവും</u>

1. കന്നുകാലി വികസന പരിപാടികൾ
2. ക്ഷീരോത്പാദനം
3. കോഴി, താറാവ്, പന്നി, ആട്, മുയൽ തുടങ്ങിയവ വളർത്തുക
4. മൃഗാശുപത്രികൾ നവീകരിക്കുക
5. ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ നടത്തുക
6. മൃഗങ്ങൾക്കായുള്ള പ്രതിരോധ ചികിത്സാ പരിപാടികൾ
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക
8. പ്രത്യുൽപാദന ക്ഷമത വികസന പരിപാടികൾ നടപ്പാക്കുക
9. മൃഗസൗഹൃദ മോഡൽ തീറ്റഗ്രാമം

III. <u>ചെറുകിട ജലസേചനം</u>

1. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക

IV. <u>മത്സ്യബന്ധനം</u>

1. കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ലവണജലത്തിലെയും മീൻ വളർത്തലും മറ്റും വിവിധ വികസനവും നടപ്പാക്കുക

2. മത്സ്യകൃഷിയുടെ ഉൽപാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക.
5. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക.
6. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക.

V. തൊഴിൽ വർദ്ധിപ്പിക്കൽ

1. കാലിത്തീറ്റയ്ക്കും വിറകിനും വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉൽപാദിപ്പിക്കുക.
2. വൃക്ഷം നട്ടു പിടിപ്പിക്കുന്നതിനും പരിസ്ഥിതി സൗഹൃദപരമായ നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
3. പാഴ് ഭൂമിയെ വനവൽക്കരിക്കുക.

VI. ചെറുകിട വ്യവസായങ്ങൾ

1. കുടിൽ - ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക.

VII. ഭവന നിർമ്മാണം

1. ഭവന രഹിതരെയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.
2. ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുക.
3. അനധികൃതങ്ങളുടെ ഉറവിടം പരിപാടികൾ നടപ്പാക്കുക.

VIII. ജലവിതരണം

1. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്.
2. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക.

IX. വിദ്യുച്ഛക്തിയും ഊർജ്ജവും

1. നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. ബദൽ ഇന്ധനത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

X. വിദ്യാഭ്യാസം

1. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും, പ്രൈമറി സ്കൂളുകളുടേയും, അൺഎയ്ഡഡ് പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ്
2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.
3. വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും

XI. പൊതുമരാമത്ത്

1. ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും, പരിപാലിക്കുകയും ചെയ്യുക
2. സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണവും സംരക്ഷണവും നടത്തുക

XII. പൊതുജനാരോഗ്യവും ശുചീകരണവും

1. വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ഒഴികെയുള്ള ചികിത്സാ സൗകര്യങ്ങളിലും പെടുന്നവർ) നടത്തുക
2. മൃഗ - തിരുക്കുത്ത കേന്ദ്രങ്ങൾ നടത്തുക
3. രോഗ വിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക
4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക

XIII. സാമൂഹ്യക്ഷേമം

1. അംഗൻവാടികൾ നടത്തുക
2. അതിദരിദ്രർക്കും, വിധവകൾക്കും, വികലാംഗർക്കും, കർഷക തൊഴിലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക
5. അന്ധ വിവാഹങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക

XIV. മറ്റിതര നിർമ്മാർജ്ജനം

1. മദ്യത്തെ കരുതലോടുക
2. പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾക്ക്, സ്വയം തൊഴിലും, ഗ്രൂപ്പ് എന്റർപ്രൈസസ്സും പദ്ധതികൾ നടപ്പാക്കുക

3. പാവങ്ങൾക്കുവേണ്ടി തുടർച്ചയായി മെച്ചം കിട്ടുന്നതരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക

XV. പട്ടികജാതി - പട്ടികവർഗ്ഗ വികസനം

1. എസ്.സി.പി., ടി.എസ്.പി. ഇവയുടെ കീഴിൽ നൂതനാശയങ്ങളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നൈപുണ്യ സ്കൂളുകൾ നടത്തുക
3. പട്ടികജാതി - പട്ടികവർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക
4. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
5. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനരഹിതമായ സഹായം നൽകുക.

XVI. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

1. കളിസ്ഥലങ്ങൾ നിർമ്മിക്കുക
2. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ

XVII പൊതുവിതരണ സമ്പ്രദായം

1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
2. മണ്ണെണ്ണ - തുടങ്ങിയ സബ്സിഡിയുള്ള കുറഞ്ഞതോതിലായി പ്രചാരണം സംഘടിപ്പിക്കുക
3. റേഷൻകടകളുടേയും മാവേലിസ്റ്റോറുകളുടേയും സമയ ക്രമീകരണങ്ങളുടേയും ഇപ്പോൾ പൊതുവിതരണ സമ്പ്രദായത്തിലുള്ളതിന്റേയും പോരായ്മകൾ പരിഹരിക്കുകയും ആവശ്യമെങ്കിൽ പുതിയ പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക

XVIII പ്രകൃതിക്ഷോഭ ദുരിതാശ്വാസം

1. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക
2. പ്രകൃതിക്ഷോഭമുണ്ടായി ബന്ധപ്പെട്ട പണികൾ നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി തുക തനത് പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്.

XIX സഹകരണം

1. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക

2. നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുക.

അധിക ചുമതലകൾ

1. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തികവർഷം 100 ദിവസമെങ്കിലും (പരമാവധി 150) തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2005 സെപ്റ്റംബർ മാസം 5-ാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു.

2. **ലഘരി പദാർത്ഥങ്ങളുടെ വിൽപന നിരോധനം**

ലഘരി പദാർത്ഥങ്ങളുടെ അമിത ഉപയോഗം പല മാരക അസുഖങ്ങൾക്കും കാരണമാകുന്ന സാഹചര്യത്തിൽ പാൻമസാല തുടങ്ങിയ ലഘരി വസ്തുക്കളുടെ വിൽപന പഞ്ചായത്തിനുള്ളിൽ നിരോധിക്കുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ (ഘടക സ്ഥാപനങ്ങൾ)

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയമേഖലകളിലായി ത്രിതല പഞ്ചായത്തുകൾ നൽകിവരുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, ഗ്രന്ഥശാലകളുടെ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഗ്രാമപഞ്ചായത്തുകളെ അതിന്റെ ചുമതലാ നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിന് വേണ്ടി എത്താനും സ്ഥാപനങ്ങൾ 1995 മുതൽ തുടർന്നുള്ള വർഷങ്ങളിലും സർക്കാർ തലത്തിൽ സ്വയം നടത്തിയിരുന്ന സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

1. **കൃഷി വകുപ്പ്** – അതാത് സ്ഥലത്തെ കൃഷി ഓഫീസ്
2. **ഗ്രന്ഥശാലകളുടെ വകുപ്പ്** – അതാത് സ്ഥലത്തെ വെറ്റിനറി സബ്സെന്റർ, വെറ്റിനറി ഡിസ്പെൻസറി, വെറ്റിനറി ആശുപത്രി
3. **ക്ഷീരവികസന വകുപ്പ്** – ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് മുഴുവൻ പഞ്ചായത്ത് പ്രദേശത്തെ എല്ലാകിലും ഒരു ഗ്രാമപഞ്ചായത്തിന് കൈമാറും ചെയ്യേണ്ടതും അത് മുഴുവൻ പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുമാണ്).
4. **മൃഗസംരക്ഷണ വകുപ്പ്** – മൃഗാശുപത്രി, അതിലെ ഫിഷറീസ് സബ്സ്റ്റേഷൻപകടർ തസ്തികയും (ആവശ്യമായ ഗ്രാമപഞ്ചായത്തിൽ മാത്രം)

5. ഗ്രാമീണത വകുപ്പ് :– പ്യൂൺ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളും ഓഫീസും
6. അടിസ്ഥാന വകുപ്പ് :– അതാത് സ്ഥലത്തെ ഐ-കെയർ സെന്ററുകളും അംഗൻവാടികളും
7. പ്രീപ്രൈമറി വിദ്യാഭ്യാസ വകുപ്പ് :– അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി കം ഹീമിംഗ് സെന്റർ, സീനിയർ സിറ്റിസൺ സെന്റർ, ലൈബ്രറി
8. പ്രൈമറി വിദ്യാഭ്യാസ വകുപ്പ് :– അതാത് സ്ഥലത്തെ ബാലവാടികൾ, മദ്രസകൾ യൂണിറ്റ്, നേഴ്സറി സ്കൂളുകൾ, ലിബ്രൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ
9. ആരോഗ്യ വകുപ്പ് :– അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ
10. ആയുർവേദ വകുപ്പ് :– അതാത് സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി
11. ഹോമിയോ വകുപ്പ് :– അതാത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി
12. വിദ്യാഭ്യാസ വകുപ്പ് :– അതാത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ, എയ്ഡഡ് പ്രൈമറി സ്കൂളുകൾ 01.01.2006 മുതൽ നിലവിൽ വന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഗ്രാമപഞ്ചായത്തിലെ പദ്ധതികളുടെ ചുമതല നിർവ്വഹിക്കുന്നത്.

ഗ്രാമസഭ

ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അടിസ്ഥാന ശിലയാണ് ഗ്രാമസഭ. നാടിന്റെ നന്മയിൽ നേരിട്ട് പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഏക ജനാധിപത്യ സംവിധാനമാണിത്. ഓരോ ആറുമാസത്തിലും നിർബന്ധമായും ചേരേണ്ട ഗ്രാമസഭയ്ക്ക് എന്ന സമയത്തും കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് രൂപം മാറുന്നതിനുള്ള ഒരു പ്രത്യേകതയുണ്ട് ഗ്രാമസഭയ്ക്ക്.

ഒരു ഗ്രാമപഞ്ചായത്തിന്റെ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിച്ചിട്ടുള്ളത്. 941 ഗ്രാമപഞ്ചായത്തുകളിലായി 15962 ഗ്രാമസഭകളാണ് കേരളത്തിലുള്ളത്. ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. വാർഡ് വിഭജനത്തിലൂടെ ഗ്രാമപഞ്ചായത്ത് അംഗമാണ് ഗ്രാമസഭ കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കും. ഇവരിൽ രണ്ടുപേരുടെയും അഭാവത്തിൽ ഗ്രാമസഭ കൺവീനറാണ് അദ്ധ്യക്ഷനാകേണ്ടത്. ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങളെയും നിയമസഭാ അംഗത്തെയും നിർബന്ധമായും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്. ആറ് ഗ്രാമസഭകളിലെ 10 ശതമാനമാണ് കോറം. 10 ശതമാനത്തിലധികം സമ്മതിദായകർ വേണമെന്നും ആവശ്യപ്പെടാൻ ഒന്ന് സാധാരണ യോഗങ്ങൾക്കിടയിൽ ഒരു പ്രത്യേക

യോഗവും കേരളത്തിലുണ്ട്. ഗ്രാമസഭകളുടെ യോഗങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഗ്രീൻലാ പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭകൾക്ക് പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ മേഖല പദ്ധതികൾക്കുള്ള മുൻഗണനാക്രമങ്ങൾ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണനാക്രമം ലിസ്റ്റിലോ ഉൾപ്പെടുന്ന ക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല. ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ രൂപപ്പെടുത്തിയിരുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മൂല്യനിർണ്ണയത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമസഭകൾക്ക് പഞ്ചായത്തുകളെ ഗുണകരമായും മാതൃകാപരമായും നയിക്കാൻ കഴിയും.

ഗ്രാമസഭയുടെ പ്രധാന ചുമതലകൾ

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിഭവാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
2. ഗ്രാമപ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണനാ നിർദ്ദേശിക്കുകയും ചെയ്യുക.
3. വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ, സഹായങ്ങൾ, സന്നദ്ധ സേവനം എന്നിവ നൽകുക.
4. തെരുവു വിളക്കുകൾ, കുടിവെള്ളത്തിനുള്ള പൊതുടാപ്പുകൾ, പൊതുകിണറുകൾ, പൊതു ശുചീകരണ സംവിധാനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുക.
5. ജലാശയം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താല്പര്യമുള്ള സംഗതികളെ സംബന്ധിച്ച്, അവ പാലിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
6. പൊതുജനങ്ങൾക്കിടയിൽ ഐക്യവും സൗഹാർദ്ദവും വളർത്തുക. കുട്ടികളിൽ സ്വയം പര്യാപ്തത വളർത്തുന്നതിനായി കലാ-കായിക മേളകൾ സംഘടിപ്പിക്കുക.
7. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.
8. സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക.

9. ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് എസ്റ്റിമേറ്റുകളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുക.
10. അടുത്ത മൂന്ന് മാസത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുശീലിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുക.
11. ഗ്രാമസഭാ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യുക്തി അറിയുക.
12. ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർ നടപടികളെക്കുറിച്ചും എതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലായെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക.
13. തുടർപ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ഒരു ബന്ധങ്ങൾ നീക്കം ചെയ്യുന്നതിന് താത്പര്യപൂർവം നൽകുകയും ചെയ്യുക.
14. ഗ്രാമസഭയുടെ പ്രദേശത്തെ ശുചിത്വപരിപാലനം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സേവനങ്ങളിലെ പോരായ്മകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
15. ഗ്രാമസഭാ പ്രദേശത്തെ സ്കൂളുകളിലെ അദ്ധ്യാപക - രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുക.
16. പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങളിലും കൂടുതലായും പ്രവർത്തനങ്ങളിലും സഹകരിക്കുക. കൂടാതെ, കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടുന്നതായ ചുമതലകളും നിർവ്വഹിക്കുക.

ഗ്രാമസഭയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ

1. വികസനവും ക്ഷേമവും സംബന്ധിച്ച് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിക്കുക.
2. ആരോഗ്യവും ശുചിത്വതയും സംബന്ധിച്ചതും അതുപോലെയുള്ള വികസനപരമായ മറ്റ് ഗ്രാമതലത്തിലെ പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.
3. അവശ്യ സാമൂഹിക - സാമ്പത്തിക അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക.
4. വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക
5. നികുതി സൂക്ഷിക്കുന്നതിനും വാർഷിക തിരിച്ചടയ്ക്കുന്നതിനും പരിധിവരെ തുക കൈപ്പറ്റുന്നതിനും ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ നിലനിർത്തുന്നതിനുമായി ഗ്രാമതലത്തിൽ നടപ്പിലാക്കേണ്ട നയങ്ങൾ അവലംബിക്കുക.

6. പഞ്ചായത്തിന്റെ ധനസ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനായി പ്രായോഗികമായി വിവിധ നടപടികൾ സ്വീകരിക്കുക.
7. സ്വന്തമായ സംഘടനാരൂപത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
8. സാമൂഹിക ഓഡിറ്റ്, പ്രകൃതിക്ഷോഭങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് ദിനചര്യം നൽകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ധ/വിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 150 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹിക സമത്വവും ഉറപ്പാക്കുക, പ്രാദേശികമായി തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ - പുരുഷ അന്തരവും കുറയ്ക്കുക, തുല്യ ജോലിയ്ക്ക് തുല്യ വേതനം, ഗ്രാമങ്ങളിലേയ്ക്കുള്ള കുടിയേറ്റം തടയുക, മണ്ണ്, ജലം, മരങ്ങൾ, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക, ഭാവിയിൽ ഇത്തരം വിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരുടെ സംഘ ബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പു വരുത്തുക, ഇടത്തട്ടുകാരുടേയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായി നിലനിൽപ്പുറപ്പാക്കുന്നതിനുള്ള ഈ സാധ്യതകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാക്രമം

1. ജലസംരക്ഷണവും ജലകാര്യക്ഷമതയും
2. വനസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും അത് വഴി വരൾച്ച തടയലും
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ
4. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണനിയമത്തിലൂടെ ഭൂമി ലഭിച്ചവർ, ഒറ്റ - എ.ഐ.വൈ. തുണയോകതാക്കൾ, 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട പരിമിത കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, ഹോർട്ടികൾച്ചർ പ്ലാന്റേഷൻ, മറ്റ് ഭൂവികസന പരിപാടികൾ.

5. കുളങ്ങൾ തുണിയാക്കൽ മുതലായ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം
6. തൂണികരണം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ രീതിയിൽ നിർമ്മിക്കുന്നതും അല്ലാത്തയിടങ്ങളിൽ ഉയർത്തിയുള്ള വെള്ളം ഒഴുക്കാനുള്ള തിയ്യണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും
8. ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് എല്ലാ കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം. ആകെ പദ്ധതി ചെലവിന്റെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ല
9. ഫ്രണ്ട്, ഗ്രാമപഞ്ചായത്തുകളിലെ പദ്ധതേതര സർക്കാർ വിദ്യാലയത്തിനായി ലൈബ്രറി കം 25 ലക്ഷം, 10 ലക്ഷം രൂപ നിരക്കിൽ ചെലവഴിച്ചുള്ള റാങ്ക് നിർണ്ണയൻ, മാതൃവിദ്യാഭ്യാസ സേവാ കേന്ദ്രം നിർമ്മാണം.
10. സംസ്ഥാന സർക്കാരുമായുള്ള കൂടിയാലോചനകൾക്ക് ശേഷം കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചു പണം ചെയ്ത തുക് ഷോപ്പിയും.

വിവരാവകാശ നിയമം – 2005

ഫലപ്രദമായ സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വസ്തതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം – 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഒരു അപേക്ഷയോ, ലഭിക്കുന്നതിനുള്ള അവകാശമോ, നിയമനടപടിയുടെയോ, നിയമം വഴിയോ, സർക്കാർ വിജ്ഞാപനം വഴിയോ, നിലവിൽ വന്നതോ, രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും എന്തെങ്കിലും തരത്തിൽ സഹായം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. ഒരു അപേക്ഷയോ പ്രമാണമോ മെമ്മോയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ, സംക്ഷിപ്തമായോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, കമ്പ്യൂട്ടറോ അത് പോലുള്ള മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലോ സേവ് ചെയ്തിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ലോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ മൂലത്തിന്റെ പകർപ്പായി ലഭിക്കാനും എന്തായാലും പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും നിയോഗിച്ചിട്ടുണ്ട്. എന്തെങ്കിലും ഒരു

കാര്യത്തെ കുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് അപേക്ഷ തയ്യാറാക്കുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനായിരുന്നു എന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിന് വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളൂ. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷിച്ച വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ സംരക്ഷിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ 48 മണിക്കൂറിനകം വിവരം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിയ്ക്ക് അതിൽ സംവിധാനവും നിയമത്തിൽ വിശദമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കും വിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ തികഞ്ഞ നടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറാണ് വിവരാവകാശ നിയമം നടപ്പിലാക്കുന്നതും അതിലെ പരാതികൾ തീർപ്പാക്കുന്നതും ശിക്ഷാ നടപടി സ്വീകരിക്കുന്നതുമായ അധികാര സ്ഥാനം. തിരുവനന്തപുരം പുന്നൻ റോഡിലാണ് കമ്മീഷന്റെ ആസ്ഥാനം.

വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകളുടെ വിവരം

1. വകുപ്പ് 7 (1) പ്രകാരം

(എ) വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും : 3 രൂപ

(ബി) വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് : അതിനുള്ള യഥാർത്ഥ ചെലവ്

(സി) സാമ്പിളുകളും മോഡലുകളിലും ലഭിക്കുന്നതിന് : അതിനുള്ള യഥാർത്ഥ വില /ചെലവ്

(ഡി) രേഖകളുടെ പരിശോധനയ്ക്ക് : ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല. അതിനുശേഷമുള്ള ഓരോ 30 മിനിട്ടിനും അതിന്റെ അംശത്തിനും 10 രൂപ വീതം.

2. വകുപ്പ് 7 (5)

(എ) സി.ഡി, ഫ്ലോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരം ലഭിക്കുന്നതിന് (ഓരോ സിസ്റ്റത്തിനും) : 50 രൂപ

(ബി) പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും) : 3 രൂപ

പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറും ഹെഡ് ക്ലാർക്ക് അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂർ തെക്കേ അതോറിറ്റിയുമാണ്.

കേരള സംസ്ഥാന സേവനാവകാശ നിയമം - 2012

2012-ലെ കേരള സംസ്ഥാന സേവനാവകാശനിയമം നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഉറപ്പാക്കുന്ന സേവനങ്ങളിൽ 16 സേവനങ്ങൾ 2012-ലെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പഞ്ചായത്ത് ഡയറക്ടർ 26.04.2018-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സേവനാവകാശ നിയമം ബാധകമാക്കിയ സേവനങ്ങളുടെ പട്ടിക

1. ജനന രജിസ്ട്രേഷൻ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട് / 1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
2. ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനന രജിസ്റ്റർ ചെയ്തതിനാൽ പേര് ചേർത്തിട്ടില്ലാത്തതിൽ മാത്രം) (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്/1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
3. മരണ രജിസ്ട്രേഷൻ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
4. ജനന / മരണ താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്)
5. ജനന / മരണ സർട്ടിഫിക്കറ്റ്
6. വഞ്ചാടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ
7. വിദേശത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമ / ചട്ടങ്ങൾക്ക് വിധേയമായി)
8. വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു വിവാഹ ആക്ട് / 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)

9. വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955- ലെ ഹിന്ദു വിവാഹ ആക്ട് / 1957 - ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)
10. വിവാഹ സർട്ടിഫിക്കറ്റ് (1955 - ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ)
11. വിവാഹ രജിസ്ട്രേഷൻ (2008 - ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിന് ശേഷമുള്ള വിവാഹ രജിസ്ട്രേഷൻ)
12. കെട്ടിട ഉടമസ്ഥാവകാശം തെളിയിക്കൽ
13. കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
14. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
15. ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ്
16. വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ്

ഈ പട്ടികയിലെ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നോ ഡ്യൂസ് അധികാരി പഞ്ചായത്ത് വൈസ് പ്രസിഡന്റും ലൈസൻസ് അധികാരി പഞ്ചായത്ത് ഡയറക്ടറുമാണ്.

സേവനം ലഭ്യമാക്കുന്ന നിശ്ചിത സമയപരിധി, അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ എന്നിവ ഈ പൗരാവകാശ രേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നേരിട്ടോ അല്ലാതെയോ നിയോഗിച്ചിട്ടുള്ളവരും സ്ഥലം മാറിപ്പോയിട്ടുമായ ഉദ്യോഗസ്ഥർ എന്നിവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുണ്ടായതോ ഒഴിവാക്കപ്പെടുന്നതോ ആയ പ്രവർത്തികൾ, തീരുമാനം, അഴിമതി എന്നിവയെ കുറിച്ചുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി നടപടി എടുക്കുകയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ചുമതല. ഓംബുഡ്സ്മാൻ സെക്രട്ടറി മുമ്പാകെ നേരിട്ടോ തപാൽ വഴിയോ ഏതൊരു വ്യക്തിയിലും പരാതി സമർപ്പിക്കാം.

വിലാസം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ
സാഫല്യം കോംപ്ലക്സ് (4 - ാം നില)
ട്രിനിറ്റി സിൽവർഹിൽ, യൂണിവേഴ്സിറ്റി. പി. ഒ.
തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ലൈസൻസുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരെയുള്ള അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കുന്നതിനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിനെ നിയമിച്ചിട്ടുള്ളത്. ഒരു ഉത്തരവിനെതിരെയുള്ള അപ്പീൽ ആ ഉത്തരവ് തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ നൽകണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്ത അപ്പീലിൽ 60 ദിവസങ്ങൾക്കുള്ളിൽ തീരുമാനമാകാത്ത സംഗതിയിൽ 90 ദിവസങ്ങൾക്കുള്ളിൽ ഹർജി സമർപ്പിക്കണം. ട്രൈബ്യൂണൽ മുമ്പാകെ നേരിട്ടോ രജിസ്റ്റേഡ് തപാൽ മുഖാന്തിരമോ ഹർജികൾ സമർപ്പിക്കാവുന്നതാണ്.

വിലാസം: സെക്രട്ടറി
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ
സ്മൃതി കോർട്ട് കോംപ്ലക്സ്
വഞ്ചിയൂർ, തിരുവനന്തപുരം

ഫ്രണ്ട് ഓഫീസ് / ഹെൽപ് ഡെസ്ക്

ഏതൊരു സ്ഥലത്തേയ്ക്കും, വീട്ടിലേയ്ക്കും ഉള്ള പ്രധാന മാർഗ്ഗം എന്നത് പോലെ തന്നെ നിർവ്വഹണത്തിന് വേണ്ടിയുള്ള ഒരു പ്രധാന മാർഗ്ഗമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. ഫ്രണ്ട് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗം തന്നെ. ജനങ്ങൾ ജീവനക്കാരുടെയോ, സെക്രട്ടറിയുടെയോ, പ്രസിഡന്റിനടുത്തോ സേവനങ്ങൾക്കായി നേരിട്ട് ചെല്ലുന്നതിന് പകരമുള്ള ഒരു ഏകജാലക സംവിധാനമാണിത്. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ ഓഫീസിനകത്ത് കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി ഒരു സേവന സംവിധാനം ഏർപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ 18.01.2017 -ലെ എച്ച്.13380/06 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. ഇത് തന്നെയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം വഴി യാഥാർത്ഥ്യമാകുന്നത്. അപേക്ഷ നൽകാനും, സേവനം ലഭ്യമാക്കാനും ഈ ഏകജാലകത്തെ സമീപിച്ചാൽ മതി. കൂടാതെ E-GMS.

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ

1. നേരിട്ട് ലഭിക്കുന്നതോ അല്ലാത്തതോ ആയ മുഴുവൻ തപാലുകളും ഫ്രണ്ട് ഓഫീസിലാണ് സ്വീകരിക്കുന്നത്.

2. കവറിൽ പേരോട് കൂടിയ പാൽ ഒഴികെ മുഴുവൻ പാലുകളും തുടർന്ന് ലിസ്റ്റിൽ പേരില്ലെങ്കിൽ കൂടെയും നൽകും. വസ്തിയിൽ സേവനം ലഭിക്കുന്ന തീയതി കൂടി രേഖപ്പെടുത്തിയിട്ടുണ്ടാകും
3. സ്വീകരിക്കുന്ന മുഴുവൻ പാലുകളും പൂർണ്ണമായും, ആവശ്യമായ രേഖകൾ അടക്കുന്നതു മാണെന്ന് ഫ്രണ്ട് ഓഫീസിൽ വച്ചു തന്നെ ഉറപ്പ് വരുത്തണം. അപാകത ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകും
4. പഞ്ചായത്തിലേയ്ക്കുള്ള പണ വരവുകളും ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കുന്നത്
5. ഫ്രണ്ട് ഓഫീസ് പ്രവർത്തനം 10 മണി മുതൽ 3 മണി വരെയാണ്. (ഉച്ചയ്ക്ക് 1.15 വരെ 2 മണി വരെ ഇടവേള)
6. പണം ഇടപാടുകൾ നടക്കുന്നത് 3 മണി വരെ

പൊതുജനങ്ങൾക്കായുള്ള ഇതിക സൗകര്യങ്ങൾ

1. സർക്കാർ ഉത്തരവ് 123/2009 നമ്പർ തീയതി 07.07.2009 പ്രകാരം പൊതുജന ങ്ങൾക്കായി ഏർപ്പെടുത്തേണ്ട എല്ലാ സൗകര്യങ്ങളും സജ്ജീകരിക്കുകയും അവയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിരന്തരം ഉറപ്പു വരുത്തുന്നുമുണ്ട്.
2. ഓഫീസ് പ്രവർത്തനത്തിന് ശേഷം വരുന്ന അപേക്ഷകൾ, നിക്ഷേപിക്കാനുള്ള പെട്ടി സ്ഥാപിക്കുകയും എല്ലാ പ്രവർത്തി ദിവസങ്ങളിലും അവ തുറന്ന് അപേക്ഷകൾ സ്വീകരിക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഫ്രണ്ട് ഓഫീസ് സൂപ്പർ വൈസർ ഉറപ്പു വരുത്തുണ്ട്.
3. അപേക്ഷാഫോമുകളും, സ്റ്റേഷനറി (പേന, പെൻസിൽ, സ്റ്റാപ്ലർ, പെൻസിൽ, പഞ്ചിംഗ് യന്ത്രങ്ങൾ എല്ലാ ദിവസവും അവയുടെ ലഭ്യത സൂപ്പർവൈസർ ഉറപ്പ് വരുത്തുന്നുണ്ട്.
4. ഫ്രണ്ട് ഓഫീസ് കൗണ്ടർ സൗകര്യപ്രദവും സുഖകരവുമായ ആളെ വിനിയോഗിക്കുന്നതിന് ഉതകുന്ന തരത്തിലും പരാതിക്കിടം കാണാൻ കഴിയുന്ന രീതിയിലുമാണ്.
5. പൊതുജനങ്ങൾക്കായി ടോയ്‌ലറ്റ് സജ്ജീകരിച്ചിട്ടുണ്ട്.
6. പത്രമാസികകൾ, റ്റി. വി. കാണുന്നതിനുള്ള സൗകര്യം എന്നിവ പൊതുജനങ്ങൾക്കായി സജ്ജീകരിച്ചിട്ടുണ്ട്

ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

ക്രമ നമ്പർ	ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം	അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ	സേവനം ലഭ്യമാക്കുന്ന സമയപരിധി
1	വ്യാപാര സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ പരിശോധനാറിപ്പോർട്ട്, ആധാർ കാർഡ് എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുന്നു	അന്നേദിവസം
2	പോലീസ്സ്റ്റേഷനിൽ പോയി ഉണ്ടായിട്ടുള്ള നഷ്ടം തിരിച്ചറിയുന്നതിനും പുതിയ കാർഡിന് അപേക്ഷിക്കുന്നതിനുമുള്ള സാക്ഷ്യപത്രം	വാർഡ് മെമ്പറുടെ ശുപാർശ, സ്ഥലപരിശോധനാറിപ്പോർട്ട്, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	-
3	തൊഴിൽ രഹിതനാണെന്നുള്ള സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ കത്തോടു കൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് തിരിച്ചറിയൽ കാർഡ് സഹിതം അപേക്ഷ നൽകുക	-
4	പോലീസ് വീട്ട് പോയിട്ടോ മറ്റോ വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ, സ്ഥലപരിശോധനാറിപ്പോർട്ട് എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	-
5	ലൈഫ് സർട്ടിഫിക്കറ്റ്	പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേപ്പറുമായി ബാങ്ക് സഹിതം പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	-
6	മരിച്ചയാൾ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തികൊണ്ടുള്ള സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ കത്തോടു കൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	-
7	മരിച്ചയാൾ ചെയ്യാത്ത കേസിൽ വരണം സംബന്ധിച്ച സർട്ടിഫിക്കറ്റ്	വാർഡ് മെമ്പറുടെ ശുപാർശ കത്തോടു കൂടി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് അപേക്ഷ നൽകുക	-

ക്രമ നമ്പർ	പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾ	അക്കാദമിക പിന്തുണ നൽകേണ്ട രീതികൾ	കുടുംബം നൽകുന്ന പിന്തുണ
9	ഭിന്നശേഷി	വ്യക്തിഗത പഠന പിന്തുണ പദ്ധതി (IEP) അനുസരിച്ചുള്ള പിന്തുണ, പ്രത്യേക പരിഗണന	•
10	ഓട്ടിസം	ദൃശ്യ പിന്തുണ, ഘടനാപരമായ പഠനം, സാമൂഹിക കഴിവുകൾ വികസിപ്പിക്കൽ	•
11	ADHD	ചെറിയ ഇടവേളകൾ, ശ്രദ്ധ നിലനിർത്താനുള്ള പ്രവർത്തനങ്ങൾ, ക്ലാസ്സിൽ മുൻനിരയിൽ ഇരുത്തൽ	•
12	പഠനവൈകല്യം (Dyslexia, Dyscalculia)	പ്രത്യേക പഠന സഹായികൾ, അധിക സമയം, വ്യക്തിഗത പിന്തുണ	•
13	പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ	അധിക പഠന പിന്തുണ, ലഘുവായ പഠന സാമഗ്രികൾ, പ്രത്യേക ക്ലാസുകൾ	•
14	പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർ	സമ്പുഷ്ട പഠന പ്രവർത്തനങ്ങൾ, പ്രോജക്ട് വർക്കുകൾ, നേതൃത്വ അവസരങ്ങൾ	•
15	ഭാഷാപരമായ പ്രശ്നങ്ങൾ	ദ്വിഭാഷാ പിന്തുണ, പ്രത്യേക ഭാഷാ ക്ലാസുകൾ	•

ഗ്രാമപഞ്ചായത്ത് – ഘടക സ്ഥാപനങ്ങൾ മുഖാന്തിരം ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ

എൽ. എസ്. ജി. ഡി എൻജിനീയറിംഗ് വിഭാഗം

ക്രമ നമ്പർ	സേവനം	നിബന്ധനകൾ	സമയപരിധി
1	കെട്ടിട നിർമ്മാണം പെർമിറ്റുകൾ, റസിഡൻഷൻ, കെട്ടിടനമ്പറിംഗ്, കമ്പ്ലീഷൻ സർട്ടിഫിക്കറ്റ്, പഞ്ചായത്ത് റോഡിൽ ടാർ മുറിച്ച് വാട്ടർ പൈപ്പ് ഇടുന്നതിനുള്ള അനുമതി എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ	ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുമ്പോൾ പ്രത്യേക നിബന്ധനകൾ ഈ പ്രദർശനകാലയളവിൽ മുൻ പേജുകളിൽ വിശദീകരിച്ചിട്ടുണ്ട്.	നിശ്ചിത പ്രവർത്തി ദിവസം

ക്ര നമ്പർ	സേവനം	നിബന്ധനകൾ	സമയപരിധി
		ഗ്രാമപഞ്ചായത്ത് – കൃഷിഭവൻ	
